# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/81/2018 2018 ഏപ്രിൽ 23

## പത്രക്കുറിപ്പ്

### അമൂല്യ ജൈവ കലവറ കോട്ടയത്തിന് സമ്മാനിച്ച എം. ജി. ഭക്ഷ്യ കാർഷിക പ്രദർശനം ഇന്ന് സമാപിക്കും

മഹാത്മാഗാന്ധി സർവകലാശാല കോട്ടയം സി.എം.എസ് കോളേജിൽ സംഘടിപ്പിച്ചിരിക്കുന്ന ആഗോള ജൈവസംഗമത്തിന്റെ ഭാഗമായുള്ള ജൈവ ഭക്ഷ്യ കാർഷിക പ്രദർശനം ഇന്ന് വൈകിട്ട് 8.00 ന് സമാപിക്കും. 90-ൽപരം സർക്കാർ - പൊതുമേഖല - സ്വകാര്യ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന പ്രദർശനത്തിൽ ചുരയ്ക്ക, നാടൻ കുമ്പളം, വാളരി പയർ, നെയ്കുമ്പളങ്ങ, മാങ്ങ ഇഞ്ചി, ഇസ്രായേൽ ഇഞ്ചി, നീലക്കത്തിരി, തടപ്പയർ, പതിനെട്ടുമണി പയർ, നാരില്ലാ പയർ, വെണ്ട, നിത്യവഴുതന, വെള്ള കാന്താരി, തക്കാളി വഴുതന, ചെറുകിഴങ്ങ്, അടതാപ്പ്, മഞ്ഞൾ, തുടങ്ങിയ കാർഷിക വിഭവങ്ങൾ വിവിധ സ്റ്റാളുകളിൽ ലഭ്യമാക്കിയിരിക്കുന്നു. കൃഷി വകുപ്പ്, ഹരിതകേരള മിഷൻ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്, റബർ ബോർഡ്, കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഫാം ഇൻഫർമേഷൻ ബ്യൂറോ, ഓയിൽ പാം ഇന്ത്യ, ബയോഡൈവേഴ്സിറ്റി ബോർഡ്, ഫിഷറീസ് സർവകലാശാല, ആത്മ, ഹരിതലോകം (പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്), ജൈവകർഷക സമിതി, എസ്.ബി.ഐ, ശ്രീശബരീശ കോളേജ്, എലിക്കുളം ഗ്രാമപഞ്ചായത്ത്, തുടങ്ങിയ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുക്കുന്നുണ്ട്. സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. ഫിഷ് വേഫേഴ്സ്, ഷാർക്ക് ഫിൻറേസ്, ഫിഷ് പ്രോട്ടീൻ, കൈറ്റോസാൻ, കൈറ്റിൻ, ഫിഷ് മോസ്, തുടങ്ങിയ മത്സ്യാധിഷ്ഠിത ഉൽപന്നങ്ങൾ ഫിഷറീസ് സർവകലാശാല സ്റ്റാളിൽ ലഭ്യമാണ്. ജൈവ കർഷക സമിതിയുടെ സ്റ്റാളിൽ പരമ്പരാഗത നെൽവിത്തിനങ്ങളായ കുഞ്ഞുകുഞ്ഞ്, ഇട്ടിക്കണ്ണൻ, കൊടുകണ്ണി, ഞവര, ഉമ, രക്തശാലി, തവളക്കണ്ണൻ, കുന്നംകുളമ്പൻ എന്നിവയും, തവിട് കളയാത്ത അരി, നാടൻ കോഴിമുട്ട, മേക്കാച്ചിൽ, ചതുരപ്പയർ തുടങ്ങിയവ പ്രദർശനത്തിന് എത്തിച്ചിട്ടുണ്ട്. അന്തർ സർവകലാശാല സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രത്തിന്റെ സ്റ്റാളിൽ ദശഗവ്യം, ജീവാമൃതം, പഞ്ചഗവ്യം, ഘനജീവാമൃതം, അമൃതപാനി, വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം, ഫിഷ് അമിനോ ആസിഡ്, ചാണക-ഗോമൂത്ര ലായനി, പെരുവലസത്ത്, ചേന-ഇഞ്ചി മിശ്രിതം, പുകയിലക്കഷായം തുടങ്ങിയവയുടെ നിർമ്മാണ രീതികൾ വിശദീകരിച്ച് നൽകുന്നു. കോഴായിലെ ജില്ലാ കൃഷിത്തോട്ടത്തിന്റെ സ്റ്റാളിൽ വെള്ളകാന്താരി, മുളക്, പയർ, സപ്പോട്ട, സെലറി, പാലക്ക്, തക്കാളി, കറിവേപ്പ്, ചെറി, ഓർണമെന്റൽ ചീര, മുള്ളാത്ത, നാരകം, ബിലുമ്പി, പപ്പായ തുടങ്ങിയ പച്ചക്കറി തൈകളും ലഭിക്കും. പഴം വൈൻ, പഴം ജാം, പാഷൻഫ്രൂട്ട് സിറപ്പ്, ജിഞ്ചർ ലൈം, ചെമ്പരത്തി സ്ക്വാഷ്, പാലക്കാടൻ കരുപ്പെട്ടി, വൈവിധ്യമാർന്ന ചക്ക ഉൽപന്നങ്ങൾ, ബോൺസായി ചെടികൾ എന്നിവയും വിവിധ സ്റ്റാളുകളിലായി ഒരുക്കിയിട്ടുണ്ട്.

### സവിശേഷ ശ്രദ്ധ നേടി ദേശീയ കർഷക സംഗമം

ജാർഘണ്ഡ്, ഒഡീഷ, അന്ധ്ര, തെലുങ്കാന, തമിഴ്നാട്, കർണ്ണാടക, തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷിക പ്രതിനിധികൾ പങ്കെടുത്ത ദേശീയ കർഷക സംഗമം ജൈവസംഗമത്തിൽ സവിശേഷ ശ്രദ്ധ നേടി. സിൻഡിക്കേറ്റംഗവും സി.എം.എസ് കോളേജ് പ്രിൻസിപ്പലുമായ ഡോ. റോയ് സാം ഡാനിയൽ കർഷക സംഗമം ഉദ്ഘാടനം ചെയ്തു. ജൈവകൃഷി സംബന്ധമായ വിവിധ വിഷയങ്ങളിൽ ആശയവിനിമയം നടത്തുകയും പരമ്പരാഗത കാർഷിക കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. കേരള ജൈവകർഷക സമിതി ജനറൽ സെക്രട്ടറി ജോർജ് മുല്ലക്കര, ടി. ജെ. ജയപ്രകാശ്, പി. ടി. ജോൺ എന്നിവർ സംസാരിച്ചു. നബീൻ ബി (ഒഡീഷ), എം. രാജു, ഉത്തം ആർ (ഛത്തീസ്ഗഡ്), അനിൽ കെന്നഡി (കർണ്ണാടക), ലെനിൻ ഡി, വിജയകുമാർ (തെലങ്കാന) എന്നിവർ വിവിധ സംസ്ഥാനങ്ങളിലെ കർഷകസംഘത്തെ പ്രതിനിധീകരിച്ച് സംസാരിക്കുകയും കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

### കാർഷിക അഭിവൃദ്ധിക്കായി കെട്ടിയാട്ടത്തോടെ ഘണ്ഡാകർണൻ തെയ്യം ഇന്ന്

കാർഷിക അഭിവൃദ്ധിക്കായി, അരയിൽ എട്ടോ പതിനാറോ വലിയ പന്തങ്ങളും മുടിയിൽ നൂറ്റൊന്ന് കോൽത്തിരികളും ധരിച്ച്, ഉത്തര കേരളത്തിലെ നെൽപാടങ്ങളിൽ കെട്ടിയാടാറുള്ള ഘണ്ഡാകർണൻ തെയ്യം ഇന്ന് (ചൊവ്വ) കോട്ടയം സി.എം.എസ്. കോളേജ് മൈതാനത്ത് വൈകിട്ട് 7.00 -ന് ഫോക് അസ് കണ്ണൂർ അവതരിപ്പിക്കും. ശിവന്റെ കണ്ഠത്തിൽ ജനിച്ച് കർണത്തിലൂടെ പുറത്തു വന്ന ദേവത പിതാവായ ശിവന് പിടിപെട്ട വസൂരി തടവി സുഖപ്പെടുത്തുവാനാണ് കണ്ഠാകർണൻ സൃഷ്ടിക്കപ്പെട്ടതെന്നാണ് ഐതിഹ്യം. ചിറുമ്പന്മാർ വിതയ്ക്കുന്ന രോഗങ്ങൾ സുഖപ്പെടുത്തുവാനായി കണ്ഠാർണ്ണനേയും ഭൂമിയിലേക്കയച്ചുവെന്നാണ് വിശ്വാസം.

ചലച്ചിത്രമേളയിൽ തിങ്കളാഴ്ച 1940-ൽ നിർമിച്ച വിവാദ ചലച്ചിത്രമായ ഗ്രേപ്സ് ഓഫ് റാത് (ജോൺ ഫോർഡ്) പ്രദർശിപ്പിച്ചു. മേളയിലെ സമാപന ചിത്രമായ ജയരാജിന്റെ ഒറ്റാൽ ഇന്ന് വൈകിട്ട് 4.00-ന് പ്രദർശിപ്പിക്കും. പിറമാടം ബി.പി.എസ് കോളേജിലെ ജോബിൻ ജോർജ്, അമലഗിരി ബി.കെ. കോളേജിലെ ദിയ ഫിലിപ് എന്നിവരാണ് മേളയുടെ കോ-ഓർഡിനേറ്റർമാർ.

**<u>ചലച്ചിത്ര മേളയിൽ ഇന്ന് (ചൊവ്വ):</u>**

രാവിലെ 10.00 ന് വലിയ ചിറകുള്ള പക്ഷികൾ (ബിജുകുമാർ ദാമോദരൻ), 11.30-ന് സേക്രഡ് ഹാർവെസ്റ്റ്, ഗ്രാന്മാസ് ഫോറസ്റ്റ്, ഗാർഡിയൻസ് ഓഫ് ഗ്രെയിൻ (ജി. ഉണ്ണികൃഷ്ണൻ നായർ), 1.30 -ന് ഗോഡ്സ് ഷാക്കിൾസ് (സംഗീത അയ്യർ), 3.30 -ന് നെൽമാണിക്യം (വേണുകുമാർ), 4.00-ന് ഒറ്റാൽ (ജയരാജ്)

**<u>ആഗോള ജൈവ സംഗമം സമാപനം ഇന്ന്</u>**

ഇന്ന് (ഏപ്രിൽ 24) വൈകിട്ട് 6.00 മണിക്ക് നടത്തുന്ന ജൈവ സംഗമ സമാന ചടങ്ങ് വൈദ്യുതി വകുപ്പ് മന്ത്രി എം. എം. മണി ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ജോസ് കെ. മാണി എം.പി., എം.എൽ.എമാരായ രാജു എബ്രഹാം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഡ്വ. കെ. സുരേഷ് കുറുപ്പ്, സി.എസ്.ഐ മധ്യകേരള മഹായിടവക ബിഷപ്പ് റവ. ഡോ. തോമസ് കെ. ഉമ്മൻ, എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ എസ്. വെങ്കട്ടരാമൻ, സംസ്ഥാന ഹരിതമിഷൻ വൈസ് ചെയർപേഴ്സൺ ഡോ. റ്റി. എൻ. സീമ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. പി.കെ. പദ്മകുമാർ, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, എന്നിവർ പങ്കെടുക്കും.

**<u>അടിക്കുറിപ്പ്</u>**

1. ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി നടത്തിയ ദേശീയ കർഷക സംഗമത്തിൽ ഛത്തിസ്ഗഡിൽ നിന്നുള്ള കർഷകർ നാടോടി കാർഷിക ഗീതം അവതരിപ്പിക്കുന്നു.
2. ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി നടത്തിയ ദേശീയ കർഷക സംഗമത്തിൽ തെലുങ്കാനയിൽ നിന്നുള്ള കർഷകർ നാടോടി കാർഷിക ഗീതം അവതരിപ്പിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**